പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5186** 28.10.2016-ലെ മറുപടിക്ക്

## സ്പെയർപാർട്ടുകളുടെ അഭാവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |
| (എ) | സ്പെയർപാർട്ടുകളുടെ അഭാവം മൂലം ശരാശരി എത്ര കെ.യു.ആർ. ടി.സി. ബസുകൾ ദിനം പ്രതി കട്ടപ്പുറത്താകുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ശരാശരി 151 കെ.യു.ആർ.ടി.സി. ബസുകൾ ദിനംപ്രതി ഓഫ്-റോഡ് ആണ്. |
| (ബി) | തൻമൂലം ശരാശരി വരുമാനത്തിൽ എത്ര രൂപയുടെ കുറവ് ദിനംപ്രതി കോർപ്പറേഷന് ഉണ്ടാകുന്നുണ്ട്; | (ബി) | കെ.യു.ആർ.ടി.സി.ക്ക് നിലവിൽ 163 എ.സി ഷെഡ്യൂളുകളും 389 നോൺ എ.സി. ഷെഡ്യൂളുകളും ആണ് ഉള്ളത്. ബസ്സുകൾ ഓഫ് റോഡ് ആയ കാരണം ശരാശരി 7 എ.സി. ഷെഡ്യൂളുകളും 81 നോൺ എ.സി. ഷെഡ്യൂളുകളും ദിനംപ്രതി ഓടിക്കാൻ കഴിഞ്ഞില്ല. 10.10.2016 മുതൽ 20.10.2016 വരെ കാലയളവിൽ എ.സി ഷെഡ്യൂളുകളുടെ ശരാശരി വരുമാനം 15867/- രൂപയും, നോൺ എ.സി. ഷെഡ്യൂളുകളുടെ ശരാശരി വരുമാനം 8873/- രൂപയും ആയിരുന്നു. സർവ്വീസുകൾ നടത്താൻ സാധിക്കാത്തതു കാരണം എ.സി സർവ്വീസുകൾക്ക് 1,11,069/- രൂപയും നോൺ എ.സി സർവ്വീസുകൾക്ക് 7,18,715/- രൂപയും അടക്കം ആകെ 8,29,782/- രൂപയുടെ കുറവ് വരുമാനത്തിൽ കോർപ്പറേഷന് ഉണ്ടായിട്ടുണ്ട്. |
| (സി) | പ്രസ്തുത ബസ്സുകൾ അറ്റകുറ്റപ്പണി നടത്തി നിരത്തിലിറക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (സി) | ഈ ബസുകൾ എത്രയും പെട്ടെന്ന് അറ്റകുറ്റപ്പണികൾ തീർത്ത് നിലത്തിലിറക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ